بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 25.04.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹിജ്റ വർഷം 7നും 8നും നടന്ന സൈനിക നീക്കങ്ങൾ - 2

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاکَ نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബിﷺന്റെ കാലഘട്ടത്തിലുള്ള വിവിധ യുദ്ധനീക്കങ്ങളെ കുറിച്ചുള്ള പരാമർശം ആണ് നടന്നുവരുന്നത്. അതിൽ ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ്رضي الله عنهന്റെ നേതൃത്വത്തിൽ ഫിദ്ക്കിലേക്ക് നിയോഗിക്കപ്പെട്ട ഒരു യുദ്ധനീക്കത്തെ പറ്റിയുള്ള പരാമർശമുണ്ട്. ഹദ്റത്ത് ബശീർ ബിൻ സഅദ്رضي الله عنه ഹിജ്റ ഏഴാം വർഷം ശഅബാൻ മാസത്തിൽ 30 ആളുകളോടൊപ്പം ഫിദ്ക്കിലെ ബനൂ മുർറ ലക്ഷ്യമാക്കി പോയിരുന്നു. ബനൂ മുർറക്കാർ ഹദ്റത്ത് ബശീർ ബിൻ സഅദിന്റെ എല്ലാ കൂട്ടുകാരെയും ശഹീദാക്കി. തിരുനബിﷺനു ഈ വിവരം ലഭിച്ചപ്പോൾ ഹദ്റത്ത് സുബൈർ ബിൻ അവാംرضي الله عنهനെ തയ്യാറാക്കുകയും അദ്ദേഹത്തോടൊപ്പം 200 സ്വഹാബാക്കളെയും അയക്കുകയുണ്ടായി. ഈ യുദ്ധനീക്കത്തിൽ മുസ്ലീങ്ങൾ വിജയിക്കുകയും സമരാർജിത സ്വത്തുക്കൾ നേടുകയും ചെയ്തു.

മറ്റൊരു സരിയഃ ശുജാഅ് ബിൻ വഹബ് ആണ്. ഇത് ഹിജ്റ എട്ടാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് പുറപ്പെട്ടത്. ഈ സരിയയുടെ വിശദീകരണത്തിൽ പറയുന്നു: നബിﷺനു തുടർച്ചയായി സി എന്ന പ്രദേശത്തുനിന്ന് ബനൂ ഹവാസൻ ഗോത്രം ഇസ്ലാമിക ശത്രുക്കളെ സഹായിക്കുകയും മുസ്ലിങ്ങളുടെ സഖ്യഗോത്രങ്ങളിലെ ആളുകളെ കൊള്ളയടിച്ച് കാടുകളിൽ ഒളിച്ചിരിക്കുകയാണെന്നുമുള്ള അറിയിപ്പ് കിട്ടിക്കൊണ്ടിരുന്നു. തിരുനബിﷺ ഹിജ്റ എട്ടാം വർഷം റബീഉൽ അവ്വൽ മാസത്തിൽ ശുജാഅ്رضي الله عنهനെ 40 യോദ്ധാക്കളോടൊപ്പം ബനൂ ഹവാസൻ ഗോത്രത്തെ നേരിടുന്നതിനുവേണ്ടി പറഞ്ഞയക്കുകയുണ്ടായി. ഇവരെ ബനൂ ആമിർ ഗോത്രം എന്നും പറയാറുണ്ട്. ഇവർ രാത്രിയിൽ സഞ്ചരിക്കുകയും പകൽ സമയത്ത് ഒളിഞ്ഞിരിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഓർക്കാപ്പുറത്ത് അവർ രാവിലെ ബനൂ ആമിർ ഗോത്രത്തിന്റെ തലക്കുമീതെ എത്തി അവരെ ആക്രമിക്കുകയുണ്ടായി. ഹദ്റത്ത് ശുജാഅ്رضي الله عنه യോദ്ധാക്കളോട് അവരെ പിന്തുടരേണ്ടതില്ല എന്ന് പറഞ്ഞു. അവരിൽനിന്ന് നിരവധി ഒട്ടകങ്ങളും ആടുകളും ലഭിച്ചു. അവർ അവയെ മദീനയിലേക്ക് തെളിച്ചുകൊണ്ടുവരികയും ആ സമരാർജിത സ്വത്തുക്കൾ ഭാഗിക്കുകയും ചെയ്തു. അവരിൽ ഓരോ വ്യക്തിക്കും 15 ഒട്ടകം വീതം കിട്ടി. യുദ്ധത്തിന് 15 ദിവസമാണ് ചെലവഴിച്ചത്.

അടുത്തത് സരിയഃ ഹദ്റത്ത് കഅബ് ബിൻ ഉമൈർ ഗഫാരിയുടെ പരാമർശമാണ്. ഈ സരിയഃ ഹിജ്റ എട്ടാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നടന്നത്. ഹദ്റത്ത് കഅബ്رضي الله عنهന്റെ നേതൃത്വത്തിൽ 15 സ്വഹാബാക്കളെ വാദിയുൽ ഖുറായുടെ പിൻഭാഗത്തുള്ള ദാത്തുൽ ഇത്ലാഹിലേക്ക് അയക്കുകയുണ്ടായി. ഹദ്റത്ത് കഅബ്, ദാത്ത് ഇത്ലാഹിന് സമീപം എത്തിയപ്പോൾ ഒരു ശത്രുചാരൻ അവരെ കാണുകയും അയാൾ ഉടൻ തന്നെ തന്റെ ആളുകൾക്ക് മുസ്ലീങ്ങളുടെ നീക്കത്തെ കുറിച്ച് അറിയിപ്പ് കൊടുക്കുകയും അവർ തയ്യാറെടുപ്പ് നടത്തി വലിയ സൈന്യത്തെ ഒരുക്കുകയും ചെയ്തു. സ്വഹാബാക്കൾ അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. പക്ഷേ അവർ നിരാകരിക്കുകയാണുണ്ടായത്. അവർ സ്വഹാബാക്കൾക്ക്മേൽ അമ്പെയ്യാൻ തുടങ്ങി. നബിﷺയുടെ സ്വഹാബാക്കൾ അവരുടെ നീക്കം കണ്ടപ്പോൾ അവരോട് ശക്തമായി പോരാടി എല്ലാവരും ശഹീദാകുകയുണ്ടായി. അവരിൽ ഒരു സ്വഹാബി കൊല്ലപ്പെട്ടവർക്ക് ഇടയിൽ പരിക്കേറ്റു കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവിടെനിന്ന് രക്ഷപ്പെട്ടു. ഒരു നിവേദനം അനുസരിച്ച് അത് ഹദ്റത്ത് കഅബ് ബിൻ ഉമൈർ തന്നെയായിരുന്നു. അങ്ങനെ രാത്രി കാലാവസ്ഥ അല്പം തണുത്തപ്പോൾ അദ്ദേഹം സവാരിയിൽ തിരുനബിﷺയുടെ അടുക്കലെത്തി എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയിപ്പ് നൽകുകയുണ്ടായി.

തിരുനബിﷺനു പ്രസ്തുത വാർത്ത വളരെയേറെ ദുഃഖമുളവാക്കി. ഉടൻ തന്നെ അവർക്ക് നേരെ ഒരു സൈന്യത്തെ അയക്കാൻ തീരുമാനിച്ചു. പക്ഷേ അവർ അവരുടെ സ്ഥാനത്ത്നിന്നും മാറി പോയി എന്ന് അറിയിപ്പ് ലഭിച്ചപ്പോൾ തിരുനബിﷺ നീക്കം മാറ്റിവയ്ക്കുകയാണുണ്ടായത്.

മുഅത്ത യുദ്ധം. ഇത് ഹിജ്റ എട്ടാം വർഷം ജമാദിയുൽ ആഖർ അതായത് എ.ഡി. 629 സെപ്റ്റംബർ മാസത്തിലാണ് നടന്നത്. മുഅത്ത എന്ന സ്ഥലം ശാമിന്റെ അതിർത്തികളിൽ മദീനയിൽ നിന്ന് ഏറെക്കുറെ 600 മെയിൽ ദൂരെ സ്ഥിതി ചെയ്യുന്നു. ഈ യുദ്ധത്തിനുള്ള സാഹചര്യം, ഹദ്റത്ത് ഹാരിസ് ബിൻ ഉമൈർؓനെ ശഹീദാക്കിയതായിരുന്നു. തിരുനബിﷺ ഇത് അറിഞ്ഞപ്പോൾ വളരെയധികം പ്രയാസപ്പെട്ടിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓ എഴുതുന്നു, തിരുനബിﷺ ഇതിനിടയിൽ റോമൻ സാമ്രാജ്യത്തിന്റെ ബസ്റയിലെ ഭരണാധിപനായിരുന്ന ഗസ്സാൻ ഗോത്ര തലവന് അതല്ല റോമൻ ചക്രവർത്തിയായ കൈസറിനു തന്നെ ഒരു കത്ത് എഴുതുകയുണ്ടായി. ഒരുപക്ഷെ ഈ കത്തിൽ തന്നെയാണ് ശാമിലെ ചില ഗോത്രങ്ങൾ ഇസ്ലാമിക പ്രദേശങ്ങളിൽ ആക്രമണം നടത്തുന്നതിനു തയ്യാറാകുന്നു എന്നും അവർ അകാരണമായി 15 മുസ്ലീങ്ങളെ വധിച്ചിരിക്കുന്നു എന്നും പരാതി ഉന്നയിച്ചത്. ഈ കത്ത് ഹാരിസ് എന്നു പേരുള്ള ഒരു സ്വഹാബിയുടെ കയ്യിലാണ് കൊടുത്തയച്ചത്. അദ്ദേഹം മുഅത്ത എന്ന സ്ഥലത്ത് തങ്ങുകയുണ്ടായി. അവിടെ ഗസാൻ ഗോത്രത്തിലെ തലവൻ ശർജീൽ അദ്ദേഹത്തെ കാണാൻ ഇടയായി. അയാൾ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി; വധിക്കുകയും ചെയ്തു. നബിﷺക്ക് ഹാരിസ് മരണപ്പെട്ട വാർത്ത എത്തി; തുടർന്ന് ഈ സംഭവത്തിനും ഇതിനു മുമ്പുണ്ടായ സംഭവത്തിനും ശിക്ഷ കൊടുക്കുന്നതിന്വേണ്ടി 3000 പേരടങ്ങുന്ന സൈന്യത്തെ തയ്യാറാക്കി. ഹദ്റത്ത് സൈദ് ബിൻ ഹാരിസؓനെ സൈന്യത്തിന്റെ നേതാവായി നിശ്ചയിച്ചു. എന്നിട്ട് പറഞ്ഞു: സൈദ് ശഹീദ് ആവുകയാണെങ്കിൽ ജാഫർ ബിൻ അബീത്വാലിബ്ؓ അമീർ ആകണം. ജാഫർ ബിൻ അബീത്വാലിബ് ശഹീദായാൽ അബ്ദുല്ലാഹ് ബിൻ റവാഹؓ അമീർ ആകണം. അദ്ദേഹവും ശഹീദായാൽ മുസ്ലിങ്ങളിൽനിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റൊരാളെ നേതാവായി നിശ്ചയിക്കണം.

നുഅ്മാൻ എന്ന് പേരുള്ള ഒരു യഹൂദി അവിടെ ഉണ്ടായിരുന്നു അയാൾ പറഞ്ഞു: അബുൽ ഖാസിം! താങ്കൾ നബിയാണെങ്കിൽ താങ്കൾ പേര് പറഞ്ഞവർ എല്ലാവരും ശഹീദ് ആകുന്നതാണ്. ഈ യഹൂദി ഹദ്റത്ത് സൈദിനോട് പറഞ്ഞു: മുഹമ്മദ്ﷺ സത്യസന്ധനായ പ്രവാചകൻ ആണെങ്കിൽ നിങ്ങൾക്ക് തിരിച്ചു വരാൻ കഴിയുകയില്ല. അതുകൊണ്ട് ഒസ്യത്ത് ചെയ്തു പോവുക. അതിനു മറുപടിയായി ഹദ്റത്ത് സൈദ് പറഞ്ഞു: നബിﷺ സത്യസന്ധനായ പ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നബിﷺ അമീർമാരെ നിശ്ചയിച്ചുകൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് ജാഫർؓ പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് എന്നെ സൈദിനുമേൽ അമീറായി നിശ്ചയിക്കും എന്നാണ് ഞാൻ കരുതിയത്. തിരുനബിﷺ പറഞ്ഞു: നിങ്ങൾ പോവുക, എന്താണ് ഉത്തമമെന്ന് നിങ്ങൾക്ക് അറിയുകയില്ല.

പിന്നെ ഒരു വെളുത്ത പതാക സൈദിന് കൊടുത്തിട്ട് ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ഹാരിസ് ബിൻ ഉമൈർ ശഹീദായ സ്ഥലത്തെത്തി ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുക. അവർ സ്വീകരിക്കുന്നുവെങ്കിൽ നല്ലത്. അല്ലെങ്കിൽ അവർക്കെതിരിൽ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് യുദ്ധം ചെയ്യുക. നബിﷺ അവരെ യാത്രയയച്ച് ഇപ്രകാരം ഉപദേശിച്ചു: നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടാനും, കൂടെയുള്ള മുസ്ലീങ്ങളുടെ ക്ഷേമത്തിനും വേണ്ടി ഞാൻ നിങ്ങളോട് വസിയത്ത് ചെയ്യുന്നു. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അല്ലാഹുവിന്റെ ശത്രുക്കൾക്കെതിരിൽ പടപൊരുതുക. നിങ്ങൾ ചതിക്കുകയോ വഞ്ചിക്കുകയോ ചെയ്യരുത്. മുലപ്പാൽ കുടിക്കുന്ന കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും കൊല്ലരുത്. ഈന്തപ്പനയോ മറ്റ് വൃക്ഷങ്ങളോ മുറിക്കരുത്. കെട്ടിടങ്ങൾ നിലംപരിശാക്കരുത്. തുടർന്ന് തിരുനബിﷺ സൈനിക മേധാവിയെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: നിങ്ങൾ മുശ്രിക്കീങ്ങളെ കണ്ടുമുട്ടുമ്പോൾ അവരെ മൂന്ന് കാര്യങ്ങളിലേക്ക് ക്ഷണിക്കുക. അവർ അതിൽ ഏതു കാര്യം സ്വീകരിച്ചാലും നിങ്ങൾ അത് അംഗീകരിക്കുക. പിന്നെ അവരെ ഒരു നിലയ്ക്കും ബുദ്ധിമുട്ടിക്കരുത്. അവരോട് പറയുക: അവർ തങ്ങളുടെ നാട്ടിൽനിന്ന് മുഹാജിരീംകളുടെ നാട്ടിലേക്ക് മാറിപ്പോകേണ്ടതാണ്. അവർ അങ്ങനെ ചെയ്യുകയാണെങ്കിൽ അവരോടും പലായനം ചെയ്തവരോട് ചെയ്തതുപോലെ വർത്തിക്കുന്നതാണ്. പലായനം ചെയ്തവർക്കുമേലുള്ള കാര്യങ്ങൾ മാത്രമേ അവർക്കും ബാധകമാവുകയുള്ളൂ. ഇനി അവർ അത് നിഷേധിക്കുകയാണെങ്കിൽ അവരോട് പറയുക; മുസ്ലിങ്ങളിൽനിന്ന് മാറി നാട്ടിൻപുറത്ത് താമസമാക്കുക,

ആ സന്ദർഭത്തിൽ അവർക്ക് മറ്റു മുസ്‌ലിങ്ങളോടുള്ള അതേ ദൈവിക കൽപ്പന മാത്രമേ ഉണ്ടാവുകയുള്ളൂ. എന്നാൽ അവർ മുസ്‌ലീങ്ങളുമായി ചേർന്ന് യുദ്ധം ചെയ്യുന്ന കാലം വരെയും അവർക്ക് സമരാർജിത സ്വത്തുക്കളോ യുദ്ധം കൂടാതെ ലഭ്യമായ സ്വത്തുക്കളിൽ നിന്നോ ലഭ്യമാകുന്നതല്ല. ഇനി അവർ അതും നിരാകരിക്കുകയാണെങ്കിൽ അവരോട് ജിസ്‌യ (കരം) കൊടുക്കാൻ പറയുക. അവർ അതിന് തയ്യാറാവുകയാണെങ്കിൽ അത് സ്വീകരിക്കുക. അവരെ പ്രയാസപ്പെടുത്താതിരിക്കുക. ഇനി അവർ ഇതും നിഷേധിക്കുകയാണെങ്കിൽ അല്ലാഹുവിനോട് അവർക്കെതിരെ സഹായം തേടുക; അവർക്കെതിരിൽ ജിഹാദ് ചെയ്യുക. നിങ്ങൾ ഏതെങ്കിലും കോട്ടയെയോ പട്ടണത്തെയോ വളയുകയാണെങ്കിൽ നിങ്ങളിൽനിന്ന് ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ഉത്തരവാദിത്വം ഏൽപ്പിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അവർക്ക് അല്ലാഹുവിൻറെയും റസൂലിന്റെയും ഉത്തരവാദിത്വം നൽകരുത്. (ഈ പേര് പറഞ്ഞ് അവരോട് ഉടമ്പടി ചെയ്യരുത്.)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ പറയുന്നു: അല്ലാഹുവിന്റെ യുക്തി നോക്കുക, ഈ കാര്യങ്ങളെല്ലാം അതേ വിധത്തിൽ പൂർത്തിയായി. (അതായത് നബിﷺ ശഹീദ് ആകും എന്ന് പറഞ്ഞ നേതാക്കന്മാർ എല്ലാം ശഹീദ് ആയി.) ആദ്യം ഹദ്റത്ത് സൈദ് ശഹീദ് ആയി. ഹദ്റത്ത് ജാഫർ സൈന്യത്തിന്റെ നേതൃത്വമേറ്റെടുത്തു. അദ്ദേഹവും ശഹീദായപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ സൈനിക നേതൃത്വം ഏറ്റെടുത്തു. അദ്ദേഹവും ശഹീദ് ആയി. സൈന്യം ചിതറി പോകുമെന്ന ഒരു അവസ്ഥയുണ്ടാപ്പോൾ ചില മുസ്‌ലീങ്ങൾ നിർദ്ദേശിച്ചതനുസരിച്ച് ഹദ്റത്ത് ഖാലിദ് ബിനു വലീദ്ؓ തന്റെ കയ്യിൽ പതാകയേന്തി. അല്ലാഹു അദ്ദേഹം മുഖേന മുസ്‌ലിംകൾക്ക് വിജയം നൽകുകയും അവർ സ്വസ്ഥമായി തിരിച്ചെത്തുകയും ചെയ്തു.

ഇൻശാ അല്ലാഹ് ഈ വിഷയം ഇനിയും തുടരുന്നതാണ്. ഈ സമയത്ത് ഞാൻ ഒരു ശഹീദിനെക്കുറിച്ചും ചില മർഹൂമീംകളെ കുറിച്ചും അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. അവരുടെ ജനാസ ഞാൻ നമസ്കരിക്കുന്നതുമാണ്.

1. ചൗധരി നദീർ അഹ്മദ് ചീമയുടെ മകൻ ലയീഖ് അഹ്മദ് ചീമ സാഹിബ്. അദ്ദേഹത്തെ ഏപ്രിൽ 18 ന് ജനക്കൂട്ടം (നാൽക്കവലയിലൂടെ വലിച്ചിഴച്ച്) ഇഷ്ടികളും കല്ലുകളും കൊണ്ട് മർദ്ദിച്ച് വളരെ മൃഗീയമായ രീതിയിൽ ശഹീദാക്കി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ശഹീദിന്റെ പ്രായം 47 വയസ്സായിരുന്നു.

അദ്ദേഹം ഒരു വർക്ക് ഷോപ്പ് നടത്തിയിരുന്നു അദ്ദേഹത്തിന്റെ നല്ല പേരും പ്രസിദ്ധിയും കാരണം ഈ വർക്ക്ഷോപ്പിന്റെ ജോലി വളരെ വിപുലമായിട്ടുണ്ടായിരുന്നു. അദ്ദേഹം മൂസി ആയിരുന്നു. ജമാഅത്തീ സേവനത്തിന് എപ്പോഴും തയ്യാറായിരുന്നു. തഹജ്ജുദും അഞ്ചുനേരം നമസ്കാരവും കൃത്യമായി അനുഷ്ഠിച്ചിരുന്നു. ആളുകളുമായി വളരെയേറെ ഇടപഴകുന്ന എല്ലാവരെയും സ്നേഹിക്കുന്ന വ്യക്തിത്വമായിരുന്നു. ധൈര്യശാലിയും മറ്റുള്ളവർക്ക് ധൈര്യം പകരുന്നയാളുമായിരുന്നു. ഖിലാഫത്തുമായും ഒരു പ്രത്യേക ബന്ധം ഉണ്ടായിരുന്നു എം.ടി.എ. പ്രോഗ്രാമുകളും എന്റെ ഖുതുബകളും ശ്രദ്ധിച്ചു കേട്ടിരുന്നു. ജമാഅത്തി കേസുകൾ പിന്തുടരുന്നതിനും ഡ്യൂട്ടി ചെയ്യുന്നതിനും എപ്പോഴും തയ്യാറായിരുന്നു. ശഹാദത്ത് സംഭവത്തിന് ഒരു ദിവസം മുമ്പും കോടതിയിൽ എതിരാളികളിൽനിന്ന് വളരെ മൃഗീയമായ രീതിയിൽ അദ്ദേഹത്തിന് ഭീഷണികൾ ലഭിച്ചിരുന്നു. വിശുദ്ധ ഖുർആനോട് അഗാധമായ സ്നേഹമായിരുന്നു.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ രണ്ട് ഭാര്യമാരും 7 മക്കളും ഒരു സഹോദരിയും ഒരു ചെറിയ സഹോദരനും ഉണ്ട്. (അല്ലാഹു ശഹീദിന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. ഭാര്യാ-മക്കളെ തന്റെ സംരക്ഷണത്തിൽ ആക്കുമാറാകട്ടെ. ശത്രുക്കളെ പിടികൂടുന്നതിന് എത്രയും വേഗം സാഹചര്യം ഒരുക്കുമാറാകട്ടെ.)

ഇന്നും ഒരു അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഖുസൂർ എന്ന സ്ഥലത്തുള്ള ഒരു ഗ്രാമത്തിൽ ഒരു അഹ്മദി യുവാവിനെ ശഹീദാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമായിട്ടില്ല. അല്ലാഹു അക്രമികളെ എത്രയും വേഗം പിടികൂടുന്നതിന് സാഹചര്യമുണ്ടാക്കുമാറാകട്ടെ. അവർക്ക് വേണ്ടി ഇനി അല്ലാഹുമ്മ മസ്സിഖ്ഹും കുല്ല മുമസ്സഖിൻ വ സഹ്ഹിഖ്ഹും തസ്ഹീഖാ എന്ന ദുആ മാത്രമാണുള്ളത്.

രണ്ടാമത്തെ അനുസ്മരണം അമത്തുൽ മുസവ്വിർ നൂരി സാഹിബയുടെതാണ്. ഇവർ ഡോക്ടർ മസ്ഊദുൽ ഹസൻ നൂരി സാഹിബിന്റെ ഭാര്യയാകുന്നു. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഇവർ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ പൗത്രിയും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീസ് ബേഗം സാഹിബയുടെ ദൗഹിത്രിയും ആണ്.

മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ മകളും ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. ഇവർ എന്റെ പിതൃവ്യന്റെ മകൾ ആയിരുന്നു. നമസ്കാരങ്ങളും ഇബാദത്തുകളും ചെയ്യുന്നതിൽ കൃത്യനിഷ്ഠ ഉണ്ടായിരുന്നു. സാധുസംരക്ഷകയും അതിഥി സൽക്കാരപ്രിയയും അല്ലാഹുവിൽ ഒരുപാട് ഭരമേൽപ്പിക്കുന്ന വ്യക്തിയുമായിരുന്നു. വിശുദ്ധ ഖുർആൻ വളരെ ആഴത്തിൽ പാരായണം ചെയ്യുന്നതിൽ വലിയ താല്പര്യമുണ്ടായിരുന്നു. വിവിധ മതങ്ങളെ കുറിച്ചും പഠിക്കാൻ താല്പര്യം ഉണ്ടായിരുന്നു. ജമാഅത്തിന്റെ വളരെ ആത്മാർത്ഥയുള്ള സേവകയായിരുന്നു. (ഖിലാഫത്തിനോട് അനിതര സാധാരണമായ ബന്ധം ഉണ്ടായിരുന്നു.) ഹദ്റത്ത് മസീഹ് മൗഊദ്[(അ)]ന്റെ ഗ്രന്ഥങ്ങളും പാരായണം ചെയ്തിരുന്നു. വിവിധ മതഗ്രന്ഥങ്ങളും വിഷയങ്ങളും വായിക്കുമായിരുന്നു. ജീവിതം വഖ്ഫ് ചെയ്തവരെ വളരെയേറെ ആദരിച്ചിരുന്നു. (അല്ലാഹു അവരോട് കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ.)

അടുത്ത അനുസ്മരണം ബുർക്കിനോഫാസയിലെ ലോക്കൽ മുബല്ലിഗ് ആയിരുന്ന ഹസൻ സാനുഗോ അബൂബക്കർ സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം 63ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. പ്രാദേശിക ഭാഷയിൽ വിശുദ്ധ ഖുർആൻ ദർസ് കൊടുത്തിരുന്നു. ഈ ദർസ് റേഡിയോയിൽ സംപ്രേഷണം ചെയ്തിട്ടുണ്ടായിരുന്നു. ഉപരി പഠനത്തിനുവേണ്ടി അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ പോയിരുന്നു. മർഹൂം നന്മയുള്ളയാളും പ്രഭാഷണത്തിന് നല്ല പ്രാവീണ്യം ഉണ്ടായിരുന്നയാളും നല്ല ശബ്ദത്തിനു ഉടമയുമായിരുന്നു. ഖുർആനെ അധികം സ്നേഹിക്കുന്നയാളും വളരെ ആവേശമുള്ള ദാഈ ഇലല്ലാഹ്യും ആയിരുന്നു.

അല്ലാഹു ഇത്തരം വഖ്ഫിന്റെ ആത്മാവുള്ള ആളുകളെ ജമാഅത്തിന് നൽകിക്കൊണ്ടിരിക്കട്ടെ. (അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങൾ ഉയർത്തുമാറാകട്ടെ. മക്കൾക്ക് നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.)

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് മർഹൂമീങ്ങളുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ദുആ ചെയ്തു.

* * * * * * *

* * **

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۤءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 25.04.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam**, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516